ഹരിതകേരളം മിഷൻ
കേരള സർക്കാർ

ഹരിതകേരളം മിഷൻ

തീയതി: 24.04.2018

# പത്രക്കുറിപ്പ്

## ഹരിത സഹായ സ്ഥാപനങ്ങൾക്ക് ഹരിതകേരളം മിഷൻ ദ്വിദിന ശില്പശാല സംഘടിപ്പിക്കുന്നു

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 21 ഹരിതസഹായ സ്ഥാപനങ്ങളെ പങ്കെടുപ്പിച്ച് ഹരിതകേരളം മിഷൻ സംഘടിപ്പിക്കുന്ന ദ്വിദിന ശില്പശാല 2018 ഏപ്രിൽ 26, 27 തീയതികളിൽ തിരുവനന്തപുരത്ത് കൈമനത്തുള്ള ബി.എസ്.എൻ.എൽ റീജിയണൽ ട്രെയ്നിംഗ് സെന്ററിൽ നടക്കും. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടക്കുന്ന സമഗ്ര ശുചിത്വ-മാലിന്യ സംസ്ക്കരണ യജ്ഞത്തോടനുബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും അവിടെ സജ്ജമാക്കിയിട്ടുള്ള ഹരിത കർമ്മസേനയ്ക്കും വേണ്ട സാങ്കേതിക സഹായം നൽകുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളാണ് ഹരിതസഹായ സ്ഥാപനങ്ങൾ.

ഓരോ തദ്ദേശസ്ഥാപനങ്ങൾക്കും മാലിന്യ സംസ്ക്കരണത്തിന് അനുയോജ്യമായ പ്രക്രിയകൾക്കുവേണ്ട സാങ്കേതിക സഹായം ലഭ്യമാക്കുകയാണ് ഹരിതസഹായ സ്ഥാപനങ്ങളുടെ ചുമതല. ഇതിനുള്ള കർമ്മ പരിപാടി ഹരിതകേരളം മിഷൻ തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട നഗരസഭകളെ സീറോ വേസ്റ്റ് യജ്ഞ പ്രകാരം സമ്പൂർണ്ണമായും മാലിന്യ രഹിതമാക്കാനും ഹരിതകർമ്മസേന രൂപീകരിച്ച തദ്ദേശഭരണ സ്ഥാപനങ്ങളിൽ പ്രവർത്തനങ്ങൾ കൂടുതൽ ചിട്ടപ്പെടുത്താനും ശില്പശാല ലക്ഷ്യമിടുന്നു. ഹരിതസഹായ സ്ഥാപനങ്ങളുടെ ലക്ഷ്യം, ചുമതലകൾ, പ്രവർത്തനത്തിലെ പ്രായോഗിക വശങ്ങൾ -കരാർ, ക്ലസ്റ്ററുകൾ നിശ്ചയിക്കുന്നതിനു പരിഗണിക്കേണ്ട ഘടകങ്ങൾ എന്നിവ സംബന്ധിച്ച വിശദമായ ചർച്ചകളും ശില്പശാലയിൽ നടക്കും.

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ശുചിത്വമിഷൻ, മലിനീകരണ നിയന്ത്രണ ബോർഡ്, കുടുംബശ്രീ, ക്ലീൻകേരള കമ്പനി എന്നിവ സംയുക്തമായാണ് ശില്പശാല സംഘടിപ്പിച്ചിരിക്കുന്നത്.

ഒപ്പ്/
ഡോ.ടി.എൻ സീമ
എക്സിക്യൂട്ടീവ് വൈസ് ചെയർ പേഴ്സൺ

റ്റി.സി 2/3271(3)(4), 'ഹരിതം', കുട്ടനാട് ലെയിൻ, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം- 695 004
ഫോൺ : 0471 2449939, ഇ-മെയിൽ : haritham@kerala.gov.in